(എ) കൈത്തറി കേന്ദ്രമായ ബാലരാമപുരം കേന്ദ്രമാക്കി ഒരു "യാണ്‍ബാങ്ക്" തുറക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ബി) എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) ബാലരാമപുരം കേന്ദ്രമാക്കി.ഇപ്പോൾ തന്നെ വേണ്ടത്ര നൂൽ ഡിപ്പോകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ആകയാൽ പുതുതായി ഒരു യാൺ ബാങ്ക് ബാലരാമപുരത്ത് തുറക്കാൻ ഉദ്ദേശിക്കുന്നില്ല.

കൈത്തറി നെയ്ത്തിനാവശ്യമായ കഴിനൂൽ

31 (602) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി വ്യവസായത്തിനാവശ്യമായ കഴിനൂലിനുള്ള ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരളത്തിലെ സ്പിന്നിംഗ് മില്ലുകളിൽ കൈത്തറി നെയ്ത്തിനാവശ്യമായ കഴിനൂൽ ഉല്പാദിപ്പിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകാമോ ;

(സി) കൈത്തറി നെയ്ത്തിനാവശ്യമായ കഴിനൂൽ നിയന്ത്രിത വിലയ്ക്ക് മുടക്കം കൂടാതെ ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നൽകാവുന്നതാണ്.

(സി) സബ്സിഡി നിരക്കിൽ കഴിനൂൽ വിതരണം ചെയ്ത് ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശിശുക്ഷേമസമിതിയിലെ അംഗങ്ങൾ

32 (605) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ സംസ്ഥാന ശിശുക്ഷേമ സമിതിയിൽ എത്ര പേർക്ക് പുതുതായി അംഗത്വം നൽകി : അവർ ആരെല്ലാമാണ്;

(ബി) ഇവരിൽ സി. പി. ഐ (എം) ന്റെ വിവിധ തലങ്ങളിലുള്ള ഭാരവാഹികൾ ആരെല്ലാമുണ്ട് ;

(സി) സി. പി. ഐ.(എം) ന്റെ മറ്റംഗങ്ങളും അനുഭാവികളും ഇവരിൽ ആരെല്ലാമുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly